പതിമൂന്നാംകേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5951 — 09.07.2012 - ൽ മറുപടിക്ക്

## കെ.എസ്.റ്റി.പി യുടെ രണ്ടാം ഘട്ട റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, എ.റ്റി. ജോർജ്<br>,, ജോസഫ് വാഴക്കൻ<br>,, റ്റി.എൻ. പ്രതാപൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |

(എ) കെ.എസ്.റ്റി.പി.യുടെ രണ്ടാം ഘട്ട റോഡ് നിർമ്മാണം തുടങ്ങുവാൻ തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രവൃത്തികൾ എന്നു മുതൽ ആരംഭിക്കുവാനാണ് ധാരണയായത്;

(സി) ഇത് സംബന്ധിച്ച് ലോക ബാങ്ക് സംഘവുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എത്ര തുക റോഡ് നിർമ്മാണത്തിനായി നൽകാമെന്നാണ് സംഘം സമ്മതിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

(എ) (ബി) (സി) & (ഡി) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി 367 കി.മീ. ദൈർഘ്യം വരുന്ന 7 റോഡുകളുടെ പുനരുദ്ധാരണമാണ് ആദ്യം ഉദ്ദേശിച്ചിരുന്നത്. ഇതിനായി 1356 കോടി രൂപയ്ക്ക് തയ്യാറാക്കിയ പദ്ധതിക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ സാമ്പത്തിക കാര്യ വകുപ്പ് അംഗീകാരം നൽകിയിരുന്നു. ഇതിൽ ലോക ബാങ്കിന്റെ വായ്പ 648 കോടി രൂപയാണ്. എന്നാൽ കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ചില പുതിയ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ഇപ്രകാരം പുതുക്കിയ കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന്റെ ആകെ ചെലവ് 2942 കോടി രൂപ വരുമെന്നാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതിക്ക്

അംഗീകാരം നൽകുന്ന കാര്യം കേന്ദ്ര മന്ത്രാലയത്തിന്റെ കീഴിലുള്ള സാമ്പത്തിക കാര്യ വകുപ്പിന്റെയും ലോകബാങ്കിന്റെയും സജീവ പരിഗണനയിലാണ്. ഇക്കാര്യം സംബന്ധിച്ച് 2012 ഫെബ്രുവരി, ജൂൺ മാസങ്ങളിൽ സംസ്ഥാനം സന്ദർശിച്ച ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്.

ലോകബാങ്ക് മിഷനുമായുള്ള ചർച്ചകൾ പൂർത്തിയായ ശേഷമേ ധനസഹായമായി എത്ര രൂപയാണ് ലഭിക്കുന്നത് എന്ന കാര്യം അറിയാൻ സാധിക്കുകയുള്ളൂ. പുതുക്കിയ കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന് കേന്ദ്ര മന്ത്രാലയത്തിന്റെ കീഴിലുള്ള സാമ്പത്തിക കാര്യ വകുപ്പിന്റെയും ലോകബാങ്കിന്റെയും അംഗീകാരം ലഭ്യമാക്കിയശേഷം 2012 ഡിസംബർ മാസത്തോടു കൂടി റോഡ് നിർമ്മാണം തുടങ്ങുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ